

# നോമ്പ് അഞ്ചാം ഞായർ

ജീവജലത്തിന്റെ ഉറവയായി സ്വയം വെളിപ്പെടുത്തിയ ഈശോയാണ് കൂടാരത്തിരുനാളിന്റെ പശ്ചാത്താലത്തിൽ ലോകത്തിന്റെ പ്രകാശമായി സ്വയം വെളിപ്പെടുത്തുന്നത്. യോഹന്നാന്റെ സുവിശേഷത്തിലെ പ്രധാനപ്രമേയമാണ് പ്രകാശം. എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന വെളിച്ചം ലോകത്തിലേക്ക് വരുന്നുവെന്നാണ് യോഹന്നാൻ സുവിശേഷകൻ പറയുന്നത് (യോഹ 1, 9). അന്ധകാരവും പ്രകാശവും തമ്മിലുള്ള സംഘർഷം യോഹന്നാന്റെ സുവിശേഷത്തിൽ പലയിടങ്ങളിലും കാണുവാൻ കഴിയും. അന്ധകാരം തിന്മയുടെയും ഭയത്തിന്റെയും അജ്ഞതയുടെയും അടയാളമാണ്. അന്ധകാരത്തിൽനിന്ന് പ്രകാശത്തിലേക്ക് നയിക്കാൻ പ്രാർഥിക്കാം. *തമസോമാ ജ്യോതിർഗമയാ* എന്നാണല്ലോ ഭാരതീയമുനിമാർ പ്രാർഥിക്കുന്നത്. ഈശോയാകുന്ന പ്രകാശമാണ് നമുക്ക് ജീവൻ തരുന്നത്. അവനിൽ ജീവനുണ്ടായിരുന്നു. ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു (യോഹ 1, 4). ഈശോയാകുന്ന പ്രകാശത്തിന്റെ പാതയിൽ സഞ്ചരിച്ച് നമുക്ക് ജീവന്റെ ഉറവിടമായ ദൈവത്തിൽ എത്തിച്ചേരാം.

**ആരാധനക്രമകമ്മീഷൻ**

**മൗണ്ട് സെന്റ് തോമസ്,കാക്കനാട്**        **Read More:www.syromalabarliturgy.org**